മറ്റൊരു പ്രതിസന്ധിക്കു കാരണമാകും. ഗവൺമെന്റിന്റെ ഇപ്പോഴത്തെ സാമ്പത്തിക പരിമിതികളിൽ അതിനെക്കുറിച്ച് ആലോചിക്കാൻ കഴിയില്ല. അതു തുറന്നു പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാം. ശ്രീ. ബാലനടക്കമുള്ളവരുമായി ഒന്നുരണ്ടു ചർച്ചകൾ നടത്തി. Madras Spinners and Weavers വീണ്ടും വരുന്നുണ്ട്. അതു തുറന്നു പ്രവർത്തിപ്പിക്കാനുള്ള സാഹചര്യം ഒരുക്കാമെന്നാണ് എനിക്കു പറയാനുള്ളത്.

(3) കല്ലൂർകാട് പഞ്ചായത്തിൽ അനുവദിച്ച ഫയർ സ്റ്റേഷന്റെ പ്രവർത്തനം

ശ്രീ. ജോണി നെല്ലൂർ : സർ, എന്റെ നിയോജകമണ്ഡലത്തിലെ കല്ലൂർകാട് ആസ്ഥാനമായി ഒരു ഫയർ സ്റ്റേഷൻ അനുവദിച്ചിട്ട് ഏതാണ്ട് 3 വർഷമായി. പഞ്ചായത്ത് അതിനാവശ്യമായ കെട്ടിടവും മറ്റു സൗകര്യങ്ങളും ഒക്കെയുണ്ടാക്കുകയും ചെയ്തു. പക്ഷേ നാളിതുവരെ അതിന്റെ പ്രവർത്തനം തുടങ്ങിയിട്ടില്ല. അടിയന്തരമായി അതിന്റെ പ്രവർത്തനം തുടങ്ങുവാൻ ആവശ്യമായ നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട മെമ്പറുടെ നിയോജകമണ്ഡലത്തിൽപ്പെട്ട കല്ലൂർകാട് ആസ്ഥാനത്ത് ഒരു ഫയർ സ്റ്റേഷൻ തുടങ്ങുന്നതിനു രണ്ടായിരാമാണ്ടിലെ മുൻഗണനാ ലിസ്റ്റിൽ പേര് ഉണ്ടായിരുന്നു. ഇപ്പോൾ ആ ലിസ്റ്റൊക്കെ കാലഹരണപ്പെട്ടു കഴിഞ്ഞു. പുതിയ ലിസ്റ്റ് തയ്യാറാക്കിത്തരാൻ ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യവും അക്കൂട്ടത്തിൽ പരിഗണിക്കുവാൻ നിർദ്ദേശം കൊടുക്കുന്നതാണ്.

(4) പ്ലാച്ചിമടയിലെ കൊക്കകോള കമ്പനി പുറന്തള്ളുന്ന മാലിന്യങ്ങൾ മൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, പാലക്കാട്, ചിറ്റൂർ താലൂക്കിലെ പ്ലാച്ചിമട കൊക്കകോള കമ്പനി അടച്ചു പൂട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്കു ആവശ്യപ്പെടാനുള്ളത്. കമ്പനി പ്രവർത്തനം ആരംഭിച്ചപ്പോൾ മുതൽ ഈ പ്രദേശത്തെ ജനങ്ങൾ കുടിവെള്ളക്ഷാമം രൂക്ഷമായതിന്റെ പേരിൽ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ പുറത്തു വന്നിരിക്കുന്ന വിവരങ്ങൾ മനുഷ്യ മനസാക്ഷിയെ ഞെട്ടിപ്പിക്കുന്നതാണ്. കമ്പനി പുറത്തു വിടുന്ന ഖര മാലിന്യങ്ങൾ ആയ കാഡ്മിയവും കറുത്തീയവും ക്യാൻസർ, കുട്ടികളിൽ ബുദ്ധിമാന്ദ്യം, ഗർഭഛിദ്രം എന്നിവയ്ക്ക് ഇടയാക്കുമെന്നാണ് വ്യക്തമാക്കപ്പെട്ടിരിക്കുന്നത്. കോള വളം എന്ന പേരിലാണ് ചിറ്റൂർ താലൂക്കിൽ ആകെ ഈ സാധനം വിതരണം ചെയ്തിട്ടുള്ളത്. ഈ പ്രദേശത്തെ കിണർ വെള്ളത്തിൽ ക്ലോറൈഡിന്റെ അളവ് സാധാരണ ഗതിയിൽ 10 മൈക്രോഗ്രാം വരെയാകാമെന്നുള്ളത് ഇപ്പോൾ 65 മൈക്രോഗ്രാം വരെ ആയിരിക്കുകയാണ്. വെള്ളത്തിന്റെ ക്ഷാരത കൂടുതലാണ്. ഈ വെള്ളം ഉപയോഗിച്ചാണ് ഇപ്പോൾ കോള ഉല്പന്നങ്ങളും, മിനറൽവാട്ടറും കമ്പനി ഉല്പാദിപ്പിക്കുന്നത്. ഇതു കുടിക്കുന്നതു തന്നെ അപകടകരമാണ്. ഇപ്പോൾ വിവാദം ഉയർന്നു വന്നതിനുശേഷം മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഉദ്യോഗസ്ഥന്മാർ കമ്പനിയിൽ ചെന്ന് അവർ കൊടുത്ത സാമ്പിൾ

LIBRARY ARCHIVES Kerala Legislative Assembly